**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3033** **25-06-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.<br><br>പദ്ധതിയുടെ വിശദാംശങ്ങൾ<br><br>A. എരുമേലിഗ്രാമപഞ്ചായത്ത്<br><br>ജല ജീവൻ മിഷൻ പദ്ധതിയിൽ എരുമേലി പഞ്ചായത്തിൽ 6 പ്രവൃത്തികൾ ആണ് പൂർത്തീകരിച്ചു വരുന്നത്. ഈ പ്രവൃത്തികളിലൂടെ 113.46 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് കുടിവെള്ളകണക്ഷൻ നൽകി ശുദ്ധജലവിതരണം ഉറപ്പാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ടി പ്രവൃത്തികളിലായി 93.1 കിലോമീറ്റർ പൈപ്പ് ലൈനുകളും ഇതിനോടകം നൽകികഴിഞ്ഞു.<br><br>പാക്കേജ് 1- ടി പ്രവൃത്തിയിൽ 12.5 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതിൽ 12.4 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചുകഴിഞ്ഞു. പ്രവൃത്തി 96% പൂർത്തീകരിച്ചു.<br><br>പാക്കേജ് 2:-ടി പ്രവൃത്തിയിൽ 27.89 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതിൽ 24.94 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചുകഴിഞ്ഞു. പ്രവൃത്തി 90% പൂർത്തീകരിച്ചു. NH -183 A- ൽ ലൈനുകൾസ്ഥാപിക്കാനുള്ള അനുമതി MORTH- ൽ നിന്നും ലഭിക്കാത്തതിനാൽ പദ്ധതി പ്രീക്ലോസ് ചെയ്തു.<br><br>പാക്കേജ് 3:-ടി പ്രവൃത്തിയിൽ 40.89 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതിൽ 24.86 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചുകഴിഞ്ഞു. പ്രവൃത്തി 60% പൂർത്തീകരിച്ചു. NH -183 A- ൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കാനുള്ള അനുമതി MORTH- ൽ ലഭി ക്കാത്തതിനാൽ പദ്ധതി പ്രീക്ലോസ് ചെയ്തു. |

പാക്കേജ് 4:-ടി പ്രവൃത്തിയിൽ 14.5 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതിൽ 12 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചുകഴിഞ്ഞു. പ്രവർത്തി 70% പൂർത്തീകരിച്ചു. ടി പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

പാക്കേജ് 5:-ടി പ്രവൃത്തിയിൽ 17.680 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതിൽ 95% പൂർത്തീകരിച്ചു.

പാക്കേജ് 6 : ടി പ്രവൃത്തിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും കണക്ഷനുകൾ നൽകുന്നതിനും ഉള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. റോഡ് കട്ടിങ് അനുമതി ലഭിക്കുന്ന മുറക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

പാക്കേജ് 7:-പ്രീ ക്ലോസ് ചെയ്ത 2, 3 പാക്കേജുകളിലെ ശേഷിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് ഈ പാക്കേജ് വിഭാവനം ചെയ്തിരിക്കുന്നത്. ടി പ്രവൃത്തിയിൽ 81.17 കിലോമീറ്റർ പൈപ്പ് ലൈനുകൾ ആണ് സ്ഥാപിക്കേണ്ടത്. പ്രവൃത്തി പ്രാരംഭഘട്ട ത്തിലാണ്.

B. പാറത്തോട് ഗ്രാമപഞ്ചായത്ത്

മണിമലയാർ പ്രതിദിനം ആറ് ദശലക്ഷം ലിറ്റർ സ്ഥാപിതശേഷിയോടെ നടപ്പാക്കുന്ന പദ്ധതിയായാണിത്. ടി പദ്ധതിയിൽ 151.43 കി.മീ പൈപ്പുലൈനുകൾ സ്ഥാപിക്കേണ്ടതായുണ്ട്. മണിമലയാറിന്റെ തീരത്ത് വലിയകയം എന്ന സ്ഥലത്ത് 6 മീ. വ്യാസമുള്ള വെൽ കം പമ്പ് ഹൗസ് നിർമ്മിച്ച് അവിടെ നിന്നും പമ്പ് ചെയ്യുന്ന ജലം, കുരത്തുക്ക് നിർമ്മിക്കാനുദ്ദേശിക്കുന്ന, ദിവസേന 6 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാലയിലെത്തിക്കുകയും തുടർന്ന് ശുദ്ധീകരിച്ച ജലം കുരത്തുക്ക് (8 ലക്ഷം ലിറ്റർ സംഭരണശേഷി), നാട്ടുകാണി (2 ലക്ഷം ലിറ്റർസംഭരണശേഷി), ചിറഭാഗം (5.75), പാലത്തറ കട്ടച്ചൽ ഭാഗം (2LL),പാലത്തറ ടോപ്പ് (2LL)എന്നിവിടങ്ങളിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ജലസംഭരണികളിൽ എത്തിച്ച് ജലവിതരണ ശൃംഖലകൾ (118.86 കി.മീ) സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തുന്നതിന് വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾക്ക് മുന്നോടിയായുള്ള സർവ്വേ നടപടികൾ, മണ്ണ് പരിശോധന, ഘടകങ്ങളുടെ ഡിസൈൻ എന്നിവ നടന്നു വരുന്നു.

C.കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത്

ടി പദ്ധതിയിൽ ( ജല സംഭരണി : 24 എണ്ണം, വിതരണ ശൃംഖല : 100.75km) ജല സംഭരണിയുടെ ഡിസൈൻ ജോലികൾ നടന്നു വരുന്നു

D.പൂഞ്ഞാർ ഗ്രാമപഞ്ചായത്ത്

ടി പദ്ധതിയിൽ ( ജല സംഭരണി :4 എണ്ണം , വിതരണ ശൃംഖല : 102.5km) ജല സംഭരണിയുടെ ഡിസൈൻ ജോലികൾ നടന്നു വരുന്നു. വിതരണ ശൃംഖല 25km പൂർത്തീകരിച്ചു

E.പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത്

ടി പദ്ധതിയിൽ ( ജല സംഭരണി : 26 എണ്ണം , വിതരണ ശൃംഖല : 119.66km ) ജല സംഭരണിയുടെ ഡിസൈൻ ജോലികൾ നടന്നു വരുന്നു. ജല സംഭരണിയുടെ 10 സ്ഥലങ്ങൾ ലഭിക്കാൻ ഉണ്ട്. വിതരണ ശൃംഖല 19.3 km പൂർത്തീകരിച്ചു.

F.തീക്കോയി ഗ്രാമപഞ്ചായത്ത്

ടി പദ്ധതിയിൽ ( ജല സംഭരണി : 16 എണ്ണം , വിതരണ ശൃംഖല : 133km ) ജല സംഭരണിയുടെ ഡിസൈൻ ജോലികൾ നടന്നു വരുന്നു. വിതരണ ശൃംഖല 10 km പൂർത്തീകരിച്ചു.

G.തിടനാട്

ടി പദ്ധതിയിൽ ( ജല സംഭരണി : 2 എണ്ണം, വിതരണ ശൃംഖല :130.67km ) ജല സംഭരണിയുടെ ഡിസൈൻ ജോലികൾ നടന്നു വരുന്നു. വിതരണ ശൃംഖല 46 km പൂർത്തീകരിച്ചു

H.മുണ്ടക്കയം ഗ്രാമപഞ്ചായത്ത്

പാക്കേജ് 1:-(9 MLD ജലശുദ്ധീകരണശാല, 9 മീറ്റർ വ്യാസമുള്ള കിണർ, റോ വാട്ടർ പമ്പിങ് മെയിൻ - 400 മീറ്റർ - 5088 മീറ്റർ വിതരണ ശൃംഖല – 135.86 km) ഡിസൈൻ ജോലികൾ നടന്നുവരുന്നു സൈറ്റ് ക്ലിയറിങ് കഴിഞ്ഞു.

പാക്കേജ് 2:- ടി പദ്ധതിയിൽ ( ജല സംഭരണി : 4 എണ്ണം, വിതരണ ശൃംഖല : 171.85 km ) പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. വർക്ക് ഓർഡർ നൽകി

പാക്കേജ് 3:- ടി പദ്ധതിയിൽ ( ജല സംഭരണി : 2 എണ്ണം, വിതരണ ശൃംഖല : 47.44 km) പ്രവൃത്തി തുടങ്ങി റിവർ ക്രോസിങ് പ്രവൃത്തികൾ മഴമൂലം തടസ്സപ്പെട്ടു.

I.കോരുത്തോട് ഗ്രാമപഞ്ചായത്ത്

| | | | |
|---|---|---|---|
| | | | പാക്കേജ് 4 :- ടി പദ്ധതിയിൽ ( ജല സംഭരണി : 1 എണ്ണം , വിതരണ ശൃംഖല : 82.65km ) ജല സംഭരണിയുടെ ഡിസൈൻ ജോലികൾ നടന്നു വരുന്നു. വിതരണ ശൃംഖല 27 km പൂർത്തീകരിച്ചു. 199 HTC നൽകിയിട്ടുണ്ട്.<br><br>പാക്കേജ് 5 :- ടി പദ്ധതിയിൽ ( ജല സംഭരണി : 2 എണ്ണം, വിതരണ ശൃംഖല : 55.05km)വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. കരാർ നടപടി പുരോഗമിക്കുന്നു<br><br>പാക്കേജ് 6 :- ടി പദ്ധതിയിൽ (ജല സംഭരണി : 1 എണ്ണം, വിതരണ ശൃംഖല:63.48km) പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. പൈപ്പുകൾ ഓർഡർ നൽകി. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ? | (ബി) | പൂഞ്ഞാർ മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിലെ ജലജീവൻ മിഷൻ പ്രവൃത്തികൾ 2025 ജൂൺമാസം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM ന് മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) (രൂപ) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ |
|---|---|---|---|---|---|---|---|
| എരുമേലി | 13790 | 828 | 10500 | 7911.00 | 1919 | 2747 | 11043 |
| കൂട്ടിക്കൽ | 5325 | 1169 | 4156 | 14874.00 | 0 | 1169 | 4156 |
| കോരുത്തോട് | 3256 | 0 | 3256 | 9666.76 | 0 | 0 | 3256 |
| മുണ്ടക്കയം | 16544 | 407 | 16137 | 18847.98 | 171 | 578 | 15966 |
| പാറത്തോട് | 9624 | 2539 | 7173 | 6914.88 | 553 | 3092 | 6532 |
| പൂഞ്ഞാർ | 4304 | 299 | 4005 | 8681.00 | 12 | 311 | 3993 |
| പൂഞ്ഞാർ തെക്കേക്കര | 4656 | 1581 | 3125 | 10083.00 | 0 | 1581 | 3075 |
| തീക്കോയ് | 4335 | 783 | 3552 | 10364.78 | 142 | 925 | 3410 |
| തിടനാട് | 6093 | 2566 | 3527 | 11168.00 | 0 | 2566 | 3527 |
| **ആകെ** | **67927** | **10172** | **55431** | **98511.40** | **2797** | **12969** | **54958** |